കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരവും വിലയും പരിശോധിക്കാൻ സംവിധാനം

9 (*219) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്താനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരവും വിലയും പരിശോധിക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ;

(ബി) കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന പല ഔഷധങ്ങളുടെയും ഗുണനിലവാരമില്ലായ്മ സർക്കാർ ആശുപത്രികളിലെ രോഗചികിത്സയെ പ്രതികൂലമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യം പരിശോധിക്കുന്നതിനും ഇങ്ങനെ വിതരണം നടത്തുന്ന ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് വിതരണം നടത്താനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിക്കുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികൾക്ക് പുറമേ ഓരോ ബാച്ച് മരുന്നുകളുടേയും സാമ്പിൾ കോർപ്പറേഷന്റെ എല്ലാ വെയർഹൗസുകളിൽനിന്നും ശേഖരിച്ച് ഗുണമേന്മാ പരിശോധനയ്ക്കായി കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ളതും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളതുമായ സർക്കാർ അംഗീകൃത ലാബുകളിൽ അയച്ച് പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിൽ നിശ്ചിത ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ സാമ്പിളുകൾ തിരുവനന്തപുരത്തെ സർക്കാർ ഡ്രഗ് ടെസ്റ്റിംഗ് ലാബ് അടക്കം മൂന്ന് ലാബുകളിൽ വീണ്ടും പരിശോധന നടത്തുന്നു. പ്രസ്തുത പരിശോധനയിലും നിശ്ചിത നിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകളുടെ വിതരണം മരവിപ്പിക്കുകയും പേയ്മെന്റ് തടഞ്ഞു വെയ്ക്കുകയും ചെയ്യുന്നു. ഒരു മരുന്നിന്റെ രണ്ടോ അതിലധികമോ ബാച്ചുകൾ ഗുണനിലവാരമില്ലാത്തവയെന്നു കണ്ടാൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഒരു സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയാൽ ആ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തെ തന്നെ കരിമ്പട്ടികയിൽപ്പെടുത്തുന്നു. കൂടാതെ മറ്റ് നടപടികൾ സ്വീകരിക്കുവാൻവേണ്ടി ഡ്രഗ്സ് കൺട്രോളറേയും വിവരം അറിയിക്കുന്നു. കോർപ്പറേഷൻ സംഭരിക്കുന്ന എല്ലാ മരുന്നുകൾക്കും പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 മുതൽ 50 ശതമാനംവരെ വിലക്കുറവുണ്ട്. കോർപ്പറേഷൻ 2010-11 വർഷത്തേക്ക് വാങ്ങുന്ന 460 ഇനം മരുന്നുകളിൽ 252 ഇനത്തിലും മുൻ വർഷത്തേക്കാൾ വില കുറവാണ്.

(ബി) ഇല്ല. ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണനിലവാരം ഉള്ളവയെന്ന് കണ്ടെത്തുന്ന മരുന്നുകളാണ് കോർപ്പറേഷൻ സ്റ്റോക്കിലെടുത്ത് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്.

(സി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കുറ്റമറ്റ സംവിധാനമാണ് നിലവിൽ കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) മരുന്ന് സംഭരണ വേളയിൽത്തന്നെ കോർപ്പറേഷന്റെ വിവിധ ജില്ലാ വെയർഹൗസുകളിൽ ലഭിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും വിവിധ സാംപിളുകൾ വ്യത്യസ്ഥസമയങ്ങളിൽ ശേഖരിച്ച് ഒന്നിലധികം എംപാനൽഡ് ലാബുകളിൽ പരിശോധിക്കുവാനും സ്ലോ മൂവിംഗ് മരുന്നുകളുടെ സാംപിൾ ഇടക്ക് ഒരിക്കൽക്കൂടി പരിശോധിച്ച് ഷെൽഫ് ലൈഫ് പീരിയഡിൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നവയെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൾഡ് ചെയിൻ സംവിധാനത്തിൽ സൂക്ഷിക്കേണ്ട മരുന്നുകളുടെ ട്രാൻസ്പോർട്ടിങ്ങിൽ വാക്സിൻ വയൽ മോണിറ്റർ സംവിധാനം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മരുന്നുകളുടെ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങളിലെ കാലതാമസം ഒഴിവാക്കാനും കാര്യക്ഷമത മെച്ചപ്പെടുത്താനുമായി കൂടുതൽ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള ലാബുകളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രഗ് വെയർ ഹൗസുകൾ ആധുനികവൽക്കരിക്കാനും ഘട്ടംഘട്ടമായി ശാസ്ത്രീയ രീതിയിൽ രൂപകൽപ്പന ചെയ്ത ആധുനിക വെയർഹൗസുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കാനും ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ

10 (*220) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ ആധുനികവൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly